എലവഞ്ചേരി, മുതലമട എന്നീ ഗ്രാമപഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ തുടങ്ങാൻ നടപടികൾ

67 (2545) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലങ്കോട് മണ്ഡലത്തിലെ എലവഞ്ചേരി, മുതലമട ഗ്രാമപഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനാവശ്യമായ എല്ലാ നടപടികളും പൂർത്തീകരിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് അനുമതി എന്നത്തേക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) എലവഞ്ചേരിയിലും മുതലമടയിലും പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാമെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. മേൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരെ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

അഴീക്കോട് നിയോജകമണ്ഡലത്തിലെ പുതിയ മാവേലി സ്റ്റോറുകൾ

68 (2546) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴീക്കോട് നിയമസഭാമണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുള്ളത് ;

(ബി) അപേക്ഷ ലഭിച്ച സ്ഥലങ്ങളിൽ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള തടസ്സം എന്താണ് എന്ന് അറിയിക്കുമോ ;

(സി) അഴീക്കോട് അസംബ്ലി മണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഇവ ആരംഭിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അഴീക്കോട്, പാപ്പിനിശ്ശേരി, നാറാത്ത് എന്നീ പഞ്ചായത്തുകളിലാണ് പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാപ്പിനിശ്ശേരി - സാദ്ധ്യതാപഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

നാറാത്ത് - നിർദ്ദേശിക്കപ്പെട്ട കെട്ടിടത്തിന് മാവേലി സ്റ്റോർ തുടങ്ങുന്നതിനാവശ്യമായ 500 ച. അടി വിസ്തീർണ്ണം ഇല്ലാത്തതിനാൽ പഞ്ചായത്ത് അധികൃതരോട് മാവേലിസ്റ്റോർ നടത്തുന്നതിന് ആവശ്യമായ സ്ഥലസൗകര്യമുള്ള കെട്ടിടത്തിന്റെ ലഭ്യത അറിയിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

അഴീക്കോട് - മാവേലിസ്റ്റോർ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത പഞ്ചായത്ത് അധികൃതർ ഇതുവരെ അറിയിച്ചിട്ടില്ല.

(സി) അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് സാദ്ധ്യതാപഠനം നടത്തി സാമൂഹികമായും വാണിജ്യപരമായും ഗുണകരമെന്ന് കണ്ടാൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നിശ്ചിത മാനദണ്ഡങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സി.ഡി.ആർ.എഫുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കാൻ നടപടി

69 (2547) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള കൺസ്യൂമർ ഡിസ്പ്യൂട്ട്സ് റിഡ്രസൽ ഫോറങ്ങളിൽ ഏതൊക്കെ ജില്ലകളിലെ ഫോറങ്ങൾക്കാണ് സ്വന്തമായി കെട്ടിടം നിലവിലില്ലാത്തത് ;

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത ഫോറങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി എന്നും, എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊല്ലം, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടങ്ങളിലല്ല.

LIBRARY ARCHIVES Kerala Legislative Assembly